©
**കേരള സർക്കാർ**
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 11** Vol. XI | **തിരുവനന്തപുരം, വ്യാഴം** Thiruvananthapuram, Thursday | **2022 മാർച്ച് 03** 03rd March 2022 **1197 കുംഭം 19** 19th Kumbham 1197 **1943 ഫാൽഗുനം 12** 12th Phalguna 1943 | **നമ്പർ** No. | **697** |

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി)നം.23/2022/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 26-02-2022

**എസ്. ആർ. ഒ. നമ്പർ 200/2022**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 10-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2019 നവംബർ 2-ാം തീയതിയിലെ സ.ഉ. (അച്ചടി) നം. 79/2019/ത.സ്വ.ഭ.വ നമ്പരായി പുറപ്പെടുവിച്ചതും 2019 നവംബർ 7-ാം തീയതിയിലെ 2680-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ. 825/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

രൂപീകരിച്ച ഡീലിമിറ്റേഷൻ കമ്മീഷന്റെ കാലാവധി അവസാനിപ്പിച്ചുകൊണ്ട് കേരള സർക്കാർ, ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ആർ.എസ്. കണ്ണൻ**

**സ്പെഷ്യൽ സെക്രട്ടറി**

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അതിർത്തികൾ നിശ്ചയിക്കുന്നതിനുള്ള അധികാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 10-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഡീലിമിറ്റേഷൻ കമ്മീഷനാണ്. 2020 - ൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടത്തേണ്ട പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഡുകളുടെയും ഡിവിഷനുകളുടെയും വിഭജനവും അതിർത്തി നിർണ്ണയവും നടത്തുന്നതിനായി 2019 നവംബർ 2-ാം തീയതിയിലെ സ.ഉ. (അച്ചടി) നം. 79/2019/ത.സ്വ.ഭ.വ നമ്പരായി പുറപ്പെടുവിച്ചതും 2019 നവംബർ 7-ാം തീയതിയിലെ 2680-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ. 825/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം ഒരു ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചു. എന്നാൽ കൊറോണ വൈറസ് (കോവിഡ് 19) രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, വാർഡുകളുടെ ഡീലിമിറ്റേഷൻ ഒഴിവാക്കി 2015 ലും 2017 ലും പൊതുതെരഞ്ഞെടുപ്പ് നടത്തിയ അതേ നിയോജകമണ്ഡലങ്ങൾ നിലനിർത്തി, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, ഡീലിമിറ്റേഷൻ കമ്മീഷന്റെ കാലാവധി അവസാനിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/